**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാർക്കായുള്ള സെന്ട്രൽ സെക്ടർ സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **null**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാർക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള സെൻട്രൽ സെക്ടർ സ്കീം സെൻട്രലി സ്പോൺസേർഡ് സ്കീം ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള സെൻട്രൽ സെക്ടർ സ്കീം, സെൻട്രലി സ്പോൺസേർഡ് സ്കീം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സെൻട്രൽ സെക്ടർ സ്കീമുകൾ:- 1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം 60:40). 2. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബുജഗജീവൻ റാം ഛത്രവാസ് യോജന (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) 3. ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്രവിഹിതം). 4. ശുചീകരണത്തിലും ആരോഗ്യശോഷണത്തിന് സാധ്യതയുള്ളതുമായുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്. 5. പ്രധാനമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ). 6. പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ.ടു.എസ്.സി.എസ്.പി-(Outside State Plan) സെൻട്രലി സ്പോൺസേർഡ് സ്കീമുകൾ:- 1. പ്രധാൻമന്ത്രി ആവാസ് യോജന – ഗ്രാമീൺ (പി.എം.എ.വൈ) പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതി (60% കേന്ദ്രവിഹിതം. ടി പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേനയാണ് നിർവ്വഹണം നടത്തുന്നത്.) 2. ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡിഎ.വൈ-എൻ.ആർ.എൽ.എം) (60% കേന്ദ്ര വിഹിതം. ടി പദ്ധതി കുടുംബശ്രീ മിഷൻ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്) 3. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്രവിഹിതം) 4. പൗരവകാശ സംരക്ഷണ നിയമവും 1989-ലെ |

| | | | |
|---|---|---|---|
| | | | അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം കേന്ദ്രവിഹിതം) 5. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (എസ്.സി.എസ്.പി) (49 ശതമാനം കേന്ദ്രവിഹിതം) |
| (ബി) | ഈ പദ്ധതികളിലോരോന്നിലും 2021-22-ൽ എത്ര തുക ലഭ്യമായെന്നും ഏതെല്ലാം വകുപ്പുകൾ വഴിയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 2 കേന്ദ്ര പദ്ധതികൾക്ക് 2021-22 സാമ്പത്തിക വർഷം ലഭ്യമായ കേന്ദ്ര വിഹിതം (കേന്ദ്ര സർക്കാരിൽ നിന്നുള്ള Release Order ലഭിച്ചിട്ടുള്ളത്) ചുവടെ ചേർക്കുന്നു. 1. ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 10.74 കോടി രൂപ 2021-22 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേനയാണ് ഫണ്ട് ചെലവഴിക്കുന്നത്.. 2. Machinery for implementation of Protection of Civil Rights Act & Prevention of Atrocities Act (50% CSS) ഇനത്തിൽ 17.6352 കോടി രൂപ 2021-22 സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. ടി തുക പട്ടികജാതി വികസന വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ